(ഇ) ഇല്ല.

(എഫ്) ഉണ്ട്.

(ജി) കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രയോജനം ലഭിക്കേണ്ട പ്രദേശങ്ങളിൽ കുടിവെള്ളം കിട്ടുന്നതിന് സഹായകരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുണ്ടറ ശുദ്ധജല വിതരണ പദ്ധതി

69 [226] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ ശുദ്ധജല വിതരണ പദ്ധതി കമ്മീഷൻ ചെയ്തതെന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കൊല്ലം ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകൾക്ക് കുടിവെള്ളം എത്തിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിക്കാവശ്യമായ ജലമെടുക്കുന്നത് എവിടെനിന്നാണെന്നും പമ്പു ഹൗസുകളിലേക്കും വിതരണ സ്ഥലങ്ങളിലേക്കും സ്ഥാപിച്ചിട്ടുള്ള മെയിൻ പൈപ്പിന്റെ മൊത്തം നീളം എത്രയെന്നും എവിടെയെല്ലാമാണ് പമ്പ് ഹൗസുകൾ ഉള്ളതെന്നും വിശദമാക്കുമോ;

(ഡി) പദ്ധതി കമ്മീഷൻ ചെയ്യുന്നതുവരെയുള്ള മൊത്ത ചെലവ് എത്ര രൂപയെന്ന് വെളിപ്പെടുത്തുമോ;

(ഇ) കമ്മീഷൻ ചെയ്തശേഷം നാളിതുവരെ കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയുടെ പൈപ്പുകൾ എത്ര സ്ഥലത്ത് പൊട്ടിയിട്ടുണ്ടെന്നും ഓരോ വർഷവും മെയിന്റനൻസിന് മൊത്തം എത്ര തുക ചെലവായി എന്നും വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(എഫ്) കുണ്ടറ ശുദ്ധജല വിതരണ പദ്ധതികൊണ്ടുള്ള പ്രയോജനം പൊതു ജനങ്ങൾക്ക് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കുണ്ടറ ശുദ്ധജലവിതരണ പദ്ധതി വിഭാവനം ചെയ്ത പ്രദേശങ്ങളിൽ കുടിവെള്ളം പൂർണ്ണതോതിൽ എത്തിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) കുണ്ടറ ശുദ്ധജല വിതരണ പദ്ധതി പ്രയോജനകരമാക്കുന്നതിന് 26-12-2002-ന് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ ഉദ്യോഗസ്ഥരുടെ യോഗത്തിൽ എടുത്ത പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) പ്രസ്തുത തീരുമാനങ്ങളിൽ ഏതൊക്കെ നടപ്പാക്കിയെന്നു വെളിപ്പെടുത്തുമോ;

(ജെ) നടപ്പാക്കിയിട്ടില്ലാത്ത നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(കെ) പദ്ധതിയുടെ നവീകരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക എത്രയാണ്;

(എൽ) പദ്ധതി നവീകരണത്തിന് ഭരണാനുമതി നൽകുകയുണ്ടായോ; എങ്കിൽ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എം) നവീകരണ പദ്ധതിക്ക് നബാർഡ് സഹായം ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(എൻ) നവീകരണ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2001 മാർച്ച്.

(ബി) കൊല്ലം ജില്ലയിലെ കുണ്ടറ, പേരയം, കിഴക്കേകല്ലട, പവിത്രേശ്വരം, എഴുകോൺ, നെടുവത്തൂർ, കുളക്കട, കൊട്ടാരക്കര, വെട്ടിക്കവല, മേലില എന്നീ പഞ്ചായത്തുകൾക്ക് കുടിവെള്ളം എത്തിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(സി) പുനലൂരിൽ കല്ലടയാറിൽ വെട്ടിപ്പുഴ പാലത്തിനു സമീപം സ്ഥാപിച്ചിട്ടുള്ള കിണറിൽ നിന്നുമാണ് പദ്ധതിക്കാവശ്യമായ ജലമെടുക്കുന്നത്. പദ്ധതിയുടെ മെയിൻ പൈപ്പുകൾ മൊത്തം 50 കി. മീ. നീളത്തിലാണ്. പുനലൂർ, കുന്നിക്കോട്, എഴുകോൺ എന്നിവിടങ്ങളിലാണ് പമ്പ് ഹൗസുകൾ സ്ഥിതിചെയ്യുന്നത്.

(ഡി) 1941.20 ലക്ഷം രൂപ.

(ഇ) പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം നാളിതുവരെ ഗ്രാവിറ്റി മെയിനിലെ 40 കി. മീ. പൈപ്പിൽ 580 ലീക്കുകളും റാ വാട്ടർ പമ്പിംഗ് മെയിനിലെ 5 കി. മീ. പൈപ്പിൽ 180 ലീക്കുകളും ഉണ്ടായിട്ടുണ്ട്. 2002-03 സാമ്പത്തിക വർഷം 21.13 ലക്ഷം രൂപയും 2003-04 സാമ്പത്തിക വർഷം 18.21 ലക്ഷം രൂപയും മെയിന്റനൻസിന് ചെലവായിട്ടുണ്ട്.

(എഫ്) ഉണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ജി) പുനലൂർ മുതൽ ഇളംപൽ വരെയുള്ള 500 മി. മി. പ്രിമോ പമ്പിംഗ് മെയിനിലെ വ്യാപകമായ ലീക്കുകളും ടി പമ്പിംഗ് മെയിനിന്റെ ജീർണ്ണാവസ്ഥയും എഴുകോൺ, കുന്നിക്കോട്, പുനലൂർ എന്നിവിടങ്ങളിലെ വൈദ്യുതി ലഭ്യതയിലും വോൾട്ടേജിലും അടിക്കടിയുണ്ടാകുന്ന തടസ്സങ്ങളും ഈ പമ്പ് ഹൗസുകളിൽ പമ്പിംഗിനാവശ്യമായ സ്റ്റാന്റ് ബൈ പമ്പുകളും മോട്ടോറുകളും ഇല്ലാത്തതുമാണ് പദ്ധതിയുടെ പ്രവർത്തനം പൂർണ്ണതോതിൽ നടക്കുന്നതിന് തടസ്സമാകുന്നത്.

(എച്ച്) പമ്പിംഗ് മെയിനിലെ ലീക്കുകൾ ഇന്ത്യൻ ഹ്യും പൈപ്പ്കമ്പനി ലിമിറ്റഡ് എന്ന കമ്പനിയെക്കൊണ്ട് നിവാരണം ചെയ്യിക്കുക, പമ്പ് ഹൗസുകളിലെ വൈദ്യുതി ഇൻസ്റ്റലേഷനുകൾ നവീകരിക്കുകയും പമ്പ് ഹൗസുകളിൽ വോൾട്ടേജ് ബൂസ്റ്ററുകൾ സ്ഥാപിക്കുകയും ചെയ്യുക എന്നിവയാണ് പ്രസ്തുത യോഗത്തിൽ എടുത്ത പ്രധാന തീരുമാനങ്ങൾ.

(ഐ) പ്രസ്തുത തീരുമാനങ്ങളിൽ പമ്പിംഗ് മെയിനിന്റെ ലീക്കുകൾ ഇന്ത്യൻ ഹ്യും പൈപ്പ് കമ്പനി ലിമിറ്റഡ് എന്ന കമ്പനിയെക്കൊണ്ട് നിവാരണം ചെയ്യിക്കുകയുണ്ടായി. കൂടാതെ വൈദ്യുതി ഇൻസ്റ്റലേഷനുകൾ നവീകരിക്കുന്നതിനും പമ്പ് ഹൗസുകളിൽ വോൾട്ടേജ് ബൂസ്റ്ററുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയായി.

(ജെ) കുണ്ടറ ജലവിതരണ പദ്ധതിയുടെ നിയന്ത്രണം അടൂരിൽനിന്നും കൊല്ലത്തേക്ക് മാറ്റാനുള്ള നിർദ്ദേശവും നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാകാത്തതിനാൽ നവീകരണ പദ്ധതി തുടങ്ങുന്നതും ആശാസ്യമല്ല.

(കെ) 1742 ലക്ഷം രൂപ.

(എൽ) ഭരണാനുമതി നൽകിയിട്ടില്ല.

(എം) കുണ്ടറ ശുദ്ധജല വിതരണ പദ്ധതി ഡച്ച് സഹായത്തോടെയാണ് നടപ്പിലാക്കിയത്. മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതികൾക്ക് നബാർഡ് ധനസഹായം നൽകുന്നതിന് വിമുഖത പ്രകടിപ്പിച്ചു. ആയതിനാൽ ഈ പദ്ധതി നബാർഡ് സഹായത്തിന് സമർപ്പിച്ചെങ്കിലും പ്രസ്തുത സഹായം ലഭിച്ചില്ല.

(എൻ) നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാകാത്തതിനാൽ നവീകരണ പദ്ധതി തുടങ്ങുന്നത് ഇപ്പോൾ ആശാസ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly